**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6534** **11-11-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തെ തരിശുരഹിതമാക്കുവാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ XXIV-ലും XXV-ലും ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | നബാർഡിന്റെ ധനസഹായത്തോടെയുള്ള RIDF XXV സ്കീമിൽ ഉൾപ്പെടുത്തി നൂറനാട് പാലമേൽ പഞ്ചായത്തുകളിൽ ഉൾപ്പെട്ട കരിങ്ങാലിൽ പുഞ്ചയുടെയും, തഴക്കര പഞ്ചായത്തിലെ കോതറ പോരടി, പുത്തൻ കുളങ്ങളുടെയും നവീകരണത്തിന് 808 ലക്ഷം രൂപയുടെ ഭരണാനുമതി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തെ തരിശുരഹിതമാക്കുവാൻ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ? | (ബി) | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന മാവേലിക്കര മണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള RIDF XXV സ്കീമിൽ ഉൾപ്പെടുത്തി നൂറനാട് പാലമേൽ പഞ്ചായത്തുകളിൽ ഉൾപ്പെട്ട കരിങ്ങാലിൽ പുഞ്ചയുടെയും, തഴക്കര പഞ്ചായത്തിലെ കോതറ പോരടി, പുത്തൻ കുളങ്ങളുടെയും നവീകരണത്തിന് 808 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് 10% ഭൗതിക പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ നൂറനാട് പഞ്ചായത്തിലെ പള്ളിമുക്കം സൗത്ത് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.കെ.വി.വൈ 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി 120.46 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ 80% ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. മഴ കുറയുന്ന മുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. മാവേലിക്കര മണ്ഡലത്തെ തരിശുരഹിതമാക്കുവാനായി ചാരുംമൂട്, മാവേലിക്കര എന്നീ ബ്ലോക്കുകളിലായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

## (i) ചാരുംമൂട് ബ്ലോക്ക്

| വർഷം | പദ്ധതി | വിസ്തൃതി (ഹെക്ടർ) | തുക |
|---|---|---|---|
| 2014-15 | പച്ചക്കറി വികസന പദ്ധതി | 3 | 89300 |
| 2015-16 | പച്ചക്കറി വികസന പദ്ധതി | 3 | 90000 |
| 2016-17 | നെൽകൃഷി വികസന പദ്ധതി | 61.292 | 1679710 |
| 2016-17 | പച്ചക്കറി വികസനം (തരിശ്) | 7 | 206940 |
| 2017-18 | നെൽകൃഷി വികസനം (തരിശ്) | 240.064 | 6365910 |
| 2017-18 | പച്ചക്കറി വികസനം (തരിശ്) | 15 | 452500 |
| 2018-19 | നെൽകൃഷി വികസനം (തരിശ്) | 95.216 | 2856480 |
| 2018-19 | രണ്ടാം വർഷ സഹായം (തരിശ്) | 202 | 1270388 |
| 2018-19 | മൂന്നാം വർഷം (തരിശ്) | 42.772 | 1803877 |
| 2018-19 | പച്ചക്കറി തരിശ് കൃഷി | 15 | 450000 |
| 2019-20 | നെൽകൃഷി (തരിശ്) | 66.096 | 1644700 |
| 2019-20 | നെൽകൃഷി (തരിശ്) | 40 | 1296630 |
| 2019-20 | രണ്ടാം വർഷ (തരിശ്) | 6.192 | 40948 |
| 2019-20 | പച്ചക്കറി വികസനം (തരിശ്) | 23.033 | 573380 |
| 2020-21 | നെൽകൃഷി വികസനം | 161.3066 | 5180753 |
| 2020-21 | വാഴ കൃഷി (തരിശ്) | 11.392 | 379544 |
| 2020-21 | കിഴങ്ങ വർഗ്ഗം (തരിശ്) | 50.087 | 1099129 |
| 2020-21 | പച്ചക്കറി കൃഷി (തരിശ്) | 11.7071 | 451100 |
| 2020-21 | എള്ള് കൃഷി (തരിശ്) | 0.1929 | 1929 |
| | **ആകെ** | **1054.3506** | **2,59,33,218** |

**(II) മാവേലിക്കര ബ്ലോക്ക്**

| വർഷം | പദ്ധതി | വിസ്തൃതി (ഹെക്ടർ) | തുക |
|---|---|---|---|
| 2017-18 | നെൽകൃഷി തരിശ് | 54.37 | 1631100 |
| 2017-18 | പച്ചക്കറി തരിശ് | 10 | 300000 |
| 2017-18 | വാഴ തരിശ് | 5 | 25000 |
| 2017-18 | മറ്റ് വിളകൾ | 10 | 50000 |
| 2018-19 | നെല്ല് | 40 | 1200000 |
| 2018-19 | പച്ചക്കറി | 10 | 300000 |
| 2018-19 | വാഴ തരിശ് | 8 | 40000 |
| 2018-19 | മറ്റ് വിളകൾ | 1.5 | 7500 |
| 2019-20 | നെല്ല് തരിശ് | 46.7 | 1401000 |
| 2019-20 | പച്ചക്കറി | 15 | 450000 |
| 2019-20 | വാഴ | 20 | 100000 |
| 2020-21 | നെല്ല് തരിശ് | 56.5 | 1695000 |
| 2020-21 | പച്ചക്കറി | 18 | 540000 |
| 2020-21 | വാഴ | 22 | 110000 |
| 2020-21 | മറ്റ് വിളകൾ | 40 | 200000 |
| | **ആകെ** | **357.07** | **80,49,600** |